# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 90 · 20.03.2013 - ൽ മറുപടിക്ക്

### ശുദ്ധജലവിതരണ പൈപ്പുകൾ പൊട്ടുന്നത് ഒഴിവാക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എസ്. ശർമ്മ<br>ഡോ. തോമസ് ഐസക്<br>ശ്രീമതി കെ.എസ്. സലീഖ<br>ശ്രീ. റ്റി.വി. രാജേഷ് | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ജലവിതരണ പൈപ്പുകൾ ഇടയ്ക്കിടെ പൊട്ടുന്നതും അതുവഴി ജലം പാഴാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും അടിക്കടി ശുദ്ധജല വിതരണ പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിനായി ഡി.ഐ പൈപ്പ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ടോ;<br><br>(സി) പ്രസ്തുത പദ്ധതിയുടെ പുരോഗതി അറിയിക്കുമോ; ആയതിനായി എത്ര തുക ഇതുവരെ ചെലവഴിച്ചുവെന്നറിയിക്കുമോ;<br><br>(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് എന്നത്തേക്ക് ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കാനാവുമെന്ന് അറിയിക്കുമോ ? | (ബി), (സി) & (ഡി) തിരുവനന്തപുരം നഗരത്തിലും സമീപ പ്രദേശങ്ങളിലും അടിക്കടി ശുദ്ധജല പൈപ്പുകൾ പൊട്ടുന്നത് പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.<br><br>1. തിരുവനന്തപുരം വാട്ടർ സപ്ലൈ സ്കീം:- അരുവിക്കര മുതൽ പേരൂർക്കട വരെ PSC പൈപ്പ് ലൈനിനു പകരം MS പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി (ഭരണാനുമതി തുക 49.11 കോടി രൂപ) - പ്രസ്തുത പണി നടന്നു വരുന്നു. 9.5 കിലോമീറ്ററിൽ 1.3 കി മീ ഇട്ടു കഴിഞ്ഞു. എഗ്രിമെന്റ് പ്രകാരം 2013 സെപ്തംബർ വരെയാണ് കാലാവധി. ജൂൺ മാസം അവസാനത്തോടുകൂടി തീർക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 462.69 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്.<br><br>2. നെടുമങ്ങാട് നഗര ശുദ്ധജല വിതരണ പദ്ധതിയുടെ പുനരുദ്ധാരണ ഘട്ടം I - പേരുമല Water Treatment Plant - ൽ നിന്നും ശീമവിള സംപിലേക്കു പോകുന്ന പ്രിമോ പൈപ്പ് ലൈൻ മാറ്റി ഡിഐ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടെണ്ടർ അംഗീകരിച്ചതിനു ശേഷം ഒരു വർഷത്തിനകം പണികൾ പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

3. അരുവിക്കര വാട്ടർ സപ്ലൈ സ്കീം - അരുവിക്കര സൊസൈറ്റി ജംഗ്ഷൻ മുതൽ കാച്ചാണി ജംഗ്ഷൻ വരെയുള്ള പഴയ പൈപ്പ് ലൈൻ മാറ്റി ഡി ഐയും പിവിസി പൈപ്പും ഇടുന്ന പ്രവൃത്തി - പ്രസ്തുത പണിയുടെ ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെണ്ടർ അംഗീകരിച്ച് 6 മാസത്തിനകം പണി പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

4. വർക്കല മുൻസിപ്പാലിറ്റിക്ക് വേണ്ടിയുള്ള പദ്ധതി – മുല്ലശ്ശേരിക്കുന്ന് Water Treatment Plant മുതൽ തെറ്റിക്കുളം സംപ് വരെ 600 എംഎം മുതൽ 500 എംഎം വ്യാസമുള്ള ഡിഐ കെ9 പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പ്രവൃത്തി - ഭരണാനുമതി തുക - 13.45 കോടി രൂപ - ടെണ്ടർ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടെണ്ടർ അംഗീകരിച്ച് 12 മാസത്തിനുള്ളിൽ പണികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ